(എ) കൽക്കുന്നൽ-പെരിഞ്ചാംകുട്ടി റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൽക്കുന്നൽ—പെരിഞ്ചാംകുട്ടി റോഡിന്റെ പണികൾക്ക് നബാർഡിന്റെ ധനസഹായം ലഭിക്കുന്നതിനായി 330 ലക്ഷത്തിന്റെ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) നബാർഡിന്റെ അനുമതി ലഭിച്ചതിനുശേഷം 2 വർഷം കൊണ്ട് പണി പൂർത്തീകരിക്കാവുന്നതാണ്.

ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം

174 [1525] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെക്കാണുന്ന ചോദ്യത്തിന് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം സംബന്ധിച്ച് ഇതുവരെ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണത്തിനായി 26 ലക്ഷം രൂപ ബഡ്ജറിൽ വകയിരുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്നും സ്ഥലം വിട്ടുകിട്ടുന്ന മുറയ്ക്ക് ഭരണാനുമതി നൽകി പണി ആരംഭിക്കുന്നതാണ്.

കൊടുങ്ങല്ലൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

175 [1526] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഇത് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(സി) മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.

(ബി) 30-8-2005-ൽ പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly